LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതവും ചേർത്ത് 28.80 കോടി രൂപ ഇതിനകം കോർപ്പറേഷന് അനുവദിച്ചുനൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം കോർപ്പറേഷനിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ കാലതാമസം കൂടാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂൺ മാസത്തിൽ പെൻഷൻ ഫണ്ടിലേക്ക് 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറി അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

320 (324) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നവീകരിച്ച് കരകയറ്റി ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായാണ് പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയത്.

(ബി) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമാണ്:

1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ രീതിയിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.
2. ഓൺലൈൻ റിസർവ്വേഷൻ സമ്പ്രദായം പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.
3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റ് ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുക.
4. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.
5. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.
6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയായി മാറ്റുക.
7. ആസ്തിമൂല്യം നിർണ്ണയിക്കുക.
8. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുക.

(ഡി) 1. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്.

2. കെ.എസ്.ആർ.ടി.സി.യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു.

3. KTDFC-യിൽനിന്നുമെടുത്ത വായ്പാ തിരിച്ചടവിലേയ്ക്ക് കോർപ്പറേഷൻ പ്രതിമാനം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേയ്ക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേയ്ക്ക് നൽകിക്കഴിഞ്ഞു. വായ്പാ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, KTDFC-യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

4. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആനുപാതികമായ തുക Non Plan വിഹിതമായി (പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് തുല്യമായ വിഹിതം കൂടി ഉൾപ്പെടുത്തി ആകെ 28.80 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി 2015-16 സാമ്പത്തിക വർഷം മുതൽ പെൻഷൻ മുടങ്ങാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

5. 2013-14 വരെ സർക്കാർ കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ള വായ്പ ഇക്വിറ്റിയായി മാറ്റുന്നതിനായി കെ.എസ്.ആർ.ടി.സി. സമർപ്പിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

6. കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യം നിർണ്ണയിക്കുന്നതിനായി M/s. Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും ടി സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന്റെ ആകെ ആസ്തിമൂല്യം 3328.90 കോടി രൂപയാണ്.

7. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരു

ന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി

321 (325) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ വരവ്ചെലവ് അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരികയുമാണ്. KTDFC-യിൽ നിന്നുമെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശകസ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. വായ്പ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, KTDFC യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ

LIBRARY ARCHIVES Kerala Legislative Assembly